

ജന്തർ മന്തറിൽ നടക്കുന്ന ജ്യോതിശാസ്ത്രത്തിന്റെ 100 മണിക്കൂർ പരിപാടിയിൽ ടെലസ്കോപ്പിലൂടെ വാനനിരീക്ഷണം നടത്തുന്നവർ

# രഹസ്യച്ചെപ്പ് തുറന്ന് ജ്യോതിശാസ്ത്രം

ന്യൂഡൽഹി: ജ്യോതിശാസ്ത്രത്തിന്റെ കൗതുകങ്ങളും കാണാക്കാഴ്ചകളും ജന്തർ മന്തറിൽ മിഴി തുറക്കുന്നു. രാജ്യാന്തര ജ്യോതിശാസ്ത്ര വർഷത്തിന്റെ ഭാഗമായുള്ള ജ്യോതിശാസ്ത്രത്തിന്റെ 100 മണിക്കൂർ പരിപാടി ഇവിടെ ആരംഭിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അഞ്ചാം തീയതി വരെയാണു പരിപാടി. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങി പ്രപഞ്ചത്തിന്റെ ശാസ്ത്ര രഹസ്യങ്ങളിലേക്കു ജനങ്ങളെ ആകർഷിക്കുകയാണ് ഉദ്ദേശ്യമെന്നു സംഘാടകനായ വിക്രാന്ത് നരംഗ് പറഞ്ഞു.

നിത്യജീവിതവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ജനങ്ങൾക്ക് അറിവു നൽകാൻ പരിപാടിയിലൂടെ കഴിയുമെന്നാണു പ്രതീക്ഷയെന്ന് അദ്ദേഹം പറഞ്ഞു.

ജന്തർ മന്തറിലെ കാലാവസ്ഥാ നിരീക്ഷണ ഉപകരണങ്ങളായ ജയ് പ്രകാശ് യന്ത്ര, സമ്രാട്ട് യന്ത്ര എന്നിവയുടെ പ്രവർത്തനരീതികൾ വിശദീകരിക്കും. നക്ഷത്ര നിരീക്ഷണം, വാന നിരീക്ഷണം, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പരിപാടികളുടെ സംപ്രേഷണം എന്നിവ നടക്കും.

ഇതോടൊപ്പം വിദ്യാർഥികൾ പ്രബന്ധങ്ങളും അവതരിപ്പിക്കും. 400 വർഷങ്ങൾക്കു മുൻപു ഗലീലിയോ ടെലസ്കോപ്പിലൂടെ വാന നിരീക്ഷണം നടത്തിയതിന്റെ ഓർമ പുതുക്കലാണ് ജ്യോതിശാസ്ത്രത്തിന്റെ നൂറു മണിക്കൂർ.

വിദ്യാർഥികൾക്കും ശാസ്ത്ര മേഖലയിൽ താൽപര്യമുള്ളവർക്കും ജ്യോതിശാസ്ത്ര മേഖലയെ കുറിച്ചു കൂടുതൽ അറിവു നൽകാൻ പരിപാടി സഹായകമാകും.

ശാസ്ത്ര രംഗത്തു പ്രവർത്തിക്കുന്ന സംഘടനയായ സയൻസ് പോപ്പുലറൈസേഷൻ അസോസിയേഷൻ ഓഫ് കമ്യൂണിക്കേറ്റേഴ്സ് ആൻഡ് എജ്യുക്കേറ്റേഴ്സ് (സ്പേസ്) ആണു ജന്തർ മന്തറിലെ പരിപാടിയുടെ സംഘാടകർ. ഞായറാഴ്ച വരെ വൈകിട്ട് ആറു മുതൽ 11 വരെയാണു പരിപാടികൾ നടക്കുക.